**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കോഴിക്കോട് ജില്ല – സാമൂഹ്യനീതി ദിനാഘോഷം 2015-16 – ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3784/2015/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 18.12.2015

പരാമർശം:- 1. സാമൂഹ്യനീതി ഡയറക്ടറുടെ 08.12.2015 ലെ എഫ്1-26804/15 നമ്പർ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 09.12.2015 ലെ 2.5 നമ്പർ തീരുമാനം.

29.12.15

**ഉത്തരവ്**

2015-16 വർഷത്തെ സാമൂഹ്യനീതി ദിനാഘോഷം 2016 ജനുവരി 7,8,9 തീയതികളിൽ കോഴിക്കോട് ജില്ലയിൽ വെച്ച് ആഘോഷിക്കുന്നതിന് തീരുമാനിച്ചതായും ടി ആഘോഷപരിപാടിയുടെ സംഘാടന ചെലവുകൾക്ക് കോഴിക്കോട് ജില്ലയിലെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും സംഭാവന നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (2)ലെ തീരുമാനത്തിന്റെ വെളിച്ചത്തിൽ 2016 ജനുവരി 7,8,9 തീയതികളിൽ കോഴിക്കോട് വെച്ച് നടക്കുന്ന സാമൂഹ്യനീതി ദിനാഘോഷത്തിന്റെ സംഘാടന ചെലവുകൾക്ക് ജില്ലയിലെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിൽ നിന്നും പരമാവധി 25,000/- രൂപ (ഇരുപത്തയ്യായിരം രൂപ മാത്രം) വീതവും മുനിസിപ്പാലിറ്റികൾ അവരുടെ കൗൺസിൽ തീരുമാനത്തിന് വിധേയമായി പരമാവധി 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) വീതവും കോഴിക്കോട് ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൈപ്പറ്റുന്ന തുകയ്ക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കോഴിക്കോട് ജില്ല സാമൂഹ്യനീതി ഓഫീസർ വരവ് ചെലവുകളുടെ അടിസ്ഥാനത്തിലുള്ള ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
പി.റംലത്ത്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം. ( ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾക്ക് ഉത്തരവിന്റെ പകർപ്പ് നൽകേണ്ടതാണ്)
ഡയറക്ടർ,സാമൂഹ്യനീതി വകുപ്പ്,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.)
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോഴിക്കോട്
സാമൂഹ്യനീതി ഓഫീസർ, കോഴിക്കോട്

.........2/

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സി. ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
ധനകാര്യവകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*